പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.380 — 4.6.2018 ൽ മറുപടിയ്ക്ക്

## പരിരക്ഷ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് അടിയന്തര ഘട്ടത്തിൽ സഹായമെത്തിക്കുവാൻ പരിരക്ഷ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) അടിയന്തര സാഹചര്യം നേരിടുന്ന അംഗപരിമിതർക്കായി പരിരക്ഷ എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 40% ന് മുകളിൽ വൈകല്യമുള്ള എല്ലാ അംഗപരിമിതർക്കും ടി പദ്ധതിയുടെ സേവനം ലഭിക്കുന്നതാണ്. പദ്ധതിയുടെ മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പദ്ധതിക്കായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പരമാവധി എത്ര രൂപയുടെ ധനസഹായമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്; | (ബി) ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒരു ജില്ലയ്ക്ക് പരമാവധി 5 ലക്ഷം രൂപയാണ് അനുവദിക്കാനുദ്ദേശിക്കുന്നത്. |
| (സി) ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) ടി പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം എറണാകുളം ജില്ലയിൽ വച്ച് 20.5.2018 തീയതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ഉടനെ അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പരിരക്ഷ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ രേഖ

1) പരിരക്ഷ പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ചുവടെ ചേർത്തിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1. ജില്ലാ കളക്ടർ/പ്രതിനിധി - ചെയർമാൻ
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ - കൺവീനർ
3. ജില്ലാ മെഡിക്കൽ ഓഫീസർ/പ്രതിനിധി - മെമ്പർ
4. ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ (ഡി വൈ എസ് പി) - മെമ്പർ
5. ഡെൽസാ പ്രതിനിധി - മെമ്പർ
6. അംഗപരിമിതരുടെ സംഘടനയിലെ 2 പ്രതിനിധികൾ - മെമ്പർ

2. സ്ത്രീ/പുരുഷ/ട്രാൻസ്ജൻഡർ ഭേദമെന്യേ എല്ലാ അംഗപരിമിതർക്കും പ്രസ്തുത സേവനം ലഭ്യമാക്കേണ്ടതാണ്.

3. അടിയന്തിര സാഹചര്യത്തിൽ നൽകുന്ന സേവനമായതിനാൽ ദാരിദ്ര്യ രേഖാ പരിധി വേർതിരിവ് ഒഴിവാക്കേണ്ടതാണ്.

4. ടി ആവശ്യത്തിനായി ഓരോ ജില്ലയ്ക്കും ആകെ 5 ലക്ഷം രൂപ വീതം നൽകുന്നതും ആയതിൽ 1 ലക്ഷം രൂപ വീതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മുൻകൂറായി നൽകുന്നതുമാണ്.

5. അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം വസ്ത്രം, ഭക്ഷണം നൽകൽ എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.

6. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന അംഗപരിമിതരെയോ അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും വസ്ത്രത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

7. പ്രകൃതി ദുരന്തത്തിനിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര വൈദ്യ സഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

AN

8. ആസിഡ് ആക്രമണം, മറ്റ് ഗുരുതരമായ പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യ സഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

9. അംഗപരിമിതരുടെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

10. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ അംഗപരിമിതരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിട്ടറിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി മോണിട്ടറിംഗ് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

11. ആകെ ചെലവാകുന്ന തുകയിൽ 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെ ചെലവാക്കാവുന്നതും ആയതിനു മുകളിലുള്ള ചെലവിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി മുൻകൂർ ലഭ്യമാക്കിയിരിക്കേണ്ടതുമാണ്.

12. 40%-ഉം മുകളിലും വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളവർക്കും മാത്രം മേൽ സേവനം നൽകിയാൽ മതിയാകുന്നതാണ്.

13. പ്രാഥമിക ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പരിപാലകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.